പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട പി.എം.ജി.എസ്.വൈ. റോഡുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1340

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നവീകരിക്കുവാനുള്ള റോഡ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ റോഡ് നവീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. കൂടാതെ ടെണ്ടർ എക്സസ്/റിവൈസ്ഡ് റേറ്റ് എന്നിവ മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കി പരിശോധിച്ചുവരുകയാണ്. വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻ ഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവർത്തികൾക്ക് 2013 PMGSY schedule of rate പ്രകാരം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം റോഡുകളാണ് 2013 മാർച്ചിന് ശേഷം ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | രാഗിണിമുക്ക്-വട്ടലിൽ കോളനി, കുന്നുമ്മൽ-രാഗിണിമുക്ക് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ